**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നാവായിക്കുളം ഗ്രാമപഞ്ചായത്ത് - ആറ്റിങ്ങൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.ഗോപാലകൃഷ്ണപിള്ള ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 575/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 08/03/2019

പരാമർശം:- 1. നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/07/2018 ലെ എ 5-29/18 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 31/01/2019 ലെ PAN/26860/2018-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ കെ.എൽ.16 ബി 5046 നമ്പർ വാഹനവും ശ്രീ.ഗോപാലകൃഷ്ണപിള്ള, പൂവണം വീട്, നാവായിക്കുളം എന്നയാളുടെ കെ.എൽ 16/ഡി 225 മോട്ടോർ സൈക്കിളും 08/06/2011 ന് പഞ്ചായത്ത് പ്രദേശത്ത് വച്ച് അപകടത്തിൽപ്പെടുകയും ശ്രീ.ഗോപാലകൃഷ്ണപിള്ളയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ടിയാൾ ആറ്റിങ്ങൽ മോട്ടോർ ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ OP(MV) 1353/2011 നമ്പരായി കേസ് ഫയൽ ചെയ്യുകയും, ഒന്നാം എതിർകക്ഷി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, രണ്ടാം എതിർകക്ഷി പഞ്ചായത്ത് ദിവസ വേതന ഡ്രൈവറായ ശ്രീ.വിഷ്ണു എന്ന വ്യക്തിയുമായിരുന്നു. രണ്ടാം എതിർകക്ഷിയുടെ Rash and Negligent ഡ്രൈവിംഗിലാണ് അപകടമുണ്ടായതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് 4,37,150/- രൂപയും 25/11/2011 മുതൽ ഒടുക്കുന്നതുവരെ 9 ശതമാനം പലിശയും എതിർകക്ഷികളിൽ നിന്നും ഈടാക്കുന്നതിനാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നത്. തുടർന്ന് ഹർജിക്കാരൻ ഫയൽ ചെയ്ത ഇ.പി.146/2018 പ്രകാരം 4,37,150/- രൂപയും ആയതിന്റെ 25/11/2011 മുതൽ 27/04/2018 വരെയുള്ള പലിശയും ചെലവുമുൾപ്പെടെ 6,99,266/- രൂപ ട്രൈബ്യൂണലിൽ ഹർജിക്കാരന് വേണ്ടി ഒടുക്കണമെന്ന് ഉത്തരവായിട്ടുണ്ട്. അപകടം നടക്കുന്ന സമയത്ത് ഓഫീസ് വാഹനമായ കെ.എൽ.16 ബി 5046 ന് ഇൻഷ്വറൻസ് പുതുക്കിയില്ലായിരുന്നുവെന്നും മേൽസാഹചര്യത്തിൽ വിധി നടപ്പിലാക്കുന്നതിന് തുക ഒടുക്കുന്നതിനുള്ള അനുമതിക്കായി ഭരണ സമിതി തീരുമാനപ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മോട്ടോർ ക്ലെയിംസ് ട്രൈബ്യൂണൽ വിധി നടപ്പിലാക്കുന്നതിനായി അവാർഡ് തുകയായ 4,37,150/- രൂപയും ആയതിന്റെ 25/11/2011 മുതൽ 27/04/2018 വരെയുള്ള പലിശയും ചെലവുമുൾപ്പെടെ 6,99,266/- രൂപ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഔദ്യോഗിക വാഹനത്തിന്റെ ഇൻഷ്വറൻസ് സമയത്തിന് പുതുക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, നാവായിക്കുളം ഗ്രാമപഞ്ചായത്ത്, നാവായിക്കുളം പി.ഒ, തിരുവനന്തപുരം - 695603.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.